ടി.കെ ഉബൈദ്



സൂറ - 49

# അൽ ഹുജുറാത്ത്

الحُجُرَاتِ

## സൂക്തം 6

വിശ്വാസയോഗ്യമാകാൻ ഒന്നിലധികം ആളുകൾ നിവേദനം ചെയ്യേണ്ടതുണ്ടെന്ന വാദത്തിന് ചില ദൗർബല്യങ്ങളുണ്ട്. പ്രവാചകന്മാരെല്ലാം ആഗതരായിട്ടുള്ളത് മുഖ്യമായി വിശ്വാസകാര്യങ്ങൾ പ്രബോധനം ചെയ്യാനാണല്ലോ. അവരിൽ ബഹുഭൂരിപക്ഷവും ഒറ്റയാന്മാരായിട്ടാണ് വന്നിട്ടുള്ളത്. ഒന്നിലധികം ആളുകൾ റിപ്പോർട്ടു ചെയ്തതുകൊണ്ടു മാത്രം ഒരു വാർത്ത സത്യമാവുക അനിവാര്യവുമല്ല. അനേകം പത്രങ്ങളും ചാനലുകളും ഒരുമിച്ചു റിപ്പോർട്ടു ചെയ്യുന്ന പല വാർത്തകളും അസത്യമായിരുന്നുവെന്ന് പിന്നീട് തെളിയുന്നുണ്ടല്ലോ. വക്താവിന്റെ സത്യസന്ധത, സ്വഭാവശുദ്ധി, ജ്ഞാനം, പറയുന്ന കാര്യങ്ങളുടെ യുക്തിയുക്തത, സമർപ്പിക്കപ്പെടുന്ന തെളിവുകൾ, ദൃഷ്ടാന്തങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് വിശ്വാസവും ബോധ്യവുമുണ്ടാക്കുന്ന ഘടകങ്ങൾ.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن جَآءَكُمْ فَاسِقُۢ بِنَبَإٖ فَتَبَيَّنُوٓاْ أَن تُصِيبُواْ قَوْمَۢا بِجَهَٰلَةٖ فَتُصْبِحُواْ عَلَىٰ
مَا فَعَلْتُمْ نَٰدِمِينَ ٦

*6*

*അല്ലയോ സത്യവിശ്വാസികളായവരേ, ഗൗരവമുള്ള വർത്തമാനവുമായി ഒരു അധാർമികൻ വന്നെങ്കിൽ അതിന്റെ നിജസ്ഥിതി സൂക്ഷ്മമായി അന്വേഷിക്കേണ്ടതാകുന്നു. നിങ്ങൾ അറിയാതെ മറ്റൊരു ജനത്തിന് ആപത്തണക്കാനും പിന്നെ സ്വന്തം ചെയ്തിയിൽ ഖേദിക്കാനും ഇടയായിക്കൂടാ.*

| | |
|---|---|
| അല്ലയോ സത്യവിശ്വാസികളായവരേ | يَا أَيُّهَا الَّذِينَ آمَنُوا |
| നിങ്ങളുടെ അടുത്ത് ഒരു അധാർമികൻ, പാപി വന്നെങ്കിൽ | إِن جَاءَكُمْ فَاسِقٌ |
| ഒരു ഗൗരവമുള്ള വർത്തമാനവുമായിട്ട് | بِنَبَإٍ |
| അപ്പോൾ നിങ്ങൾ തെളിവു തേടുക (അതിന്റെ നിജസ്ഥിതി സൂക്ഷ്മമായി അന്വേഷിക്കേണ്ടതാകുന്നു) | فَتَبَيَّنُوا |
| നിങ്ങൾ ആപത്തണക്കുന്നതിന് (ആപത്തണക്കാനും) | أَن تُصِيبُوا |
| നിങ്ങൾ അറിയാതെ (മറ്റൊരു) ജനത്തിന് | قَوْمًا بِجَهَالَةٍ |
| പിന്നെ നിങ്ങൾ ചെയ്തതിന്മേൽ (സ്വന്തം ചെയ്തിയിൽ) ആയി ത്തീരുന്നതിനും | فَتُصْبِحُوا عَلَىٰ مَا فَعَلْتُمْ |
| ഖേദിക്കുന്നവർ (ഖേദിക്കാനും ഇടയായിക്കൂടാ) | نَادِمِينَ |

**ഫാസിഖ് നൽകുന്ന, വ്യക്തിയിലും സമൂഹത്തിലും വലിയ സ്വാധീനം സൃഷ്ടിക്കുന്ന ഗുരുതരമായ വാർത്തയെക്കുറിച്ചാണിവിടെ പറയുന്നത്. ഫാസിഖ് പറയുന്ന സാധാരണ വർത്തമാനങ്ങൾ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. അതിന്റെ നിജസ്ഥിതി അന്വേഷിച്ചു പോകാൻ കൽപിക്കുന്നുമില്ല.**

മുൻ സൂക്തങ്ങളുടെ അവതരണ പശ്ചാത്തലം തന്നെയാണ് ഈ സൂക്തങ്ങളുടെയും പശ്ചാത്തലം. മദീനയുടെ പരിസരങ്ങളിലുണ്ടായിരുന്ന ഗ്രാമീണ അറബി ഗോത്രങ്ങൾ ജാഹിലിയ്യാ കാലത്ത് പുലർത്തിയിരുന്ന ശത്രുതയും പകയും അവർ ഇസ് ലാം സ്വീകരിച്ച ശേഷം പൂർണമായി മാഞ്ഞുപോയിരുന്നില്ല. ചില ഗോത്രങ്ങളും വ്യക്തികളും തങ്ങൾക്ക് ഇഷ്ടമില്ലാത്തവരെക്കുറിച്ച് പ്രവാചകനോടും വിശ്വാസികളോടും ഏഷണികൾ പറയുകയും അവർക്കെതിരെ നടപടി എടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. അതു വിശ്വസിക്കുന്ന മുസ് ലിംകൾ ശിക്ഷാനടപടികൾക്കു വെമ്പുക സ്വാഭാവികമാണല്ലോ.

പുറംതോടിൽനിന്ന് അകക്കാമ്പ് അല്ലെങ്കിൽ ചുളയിൽനിന്ന് കുരു തെറിച്ചുപോവുകയാണ് മൗലികമായ അർഥത്തിൽ فِسق. അതിൽനിന്നുള്ള കർതൃവചനം فَاسِقٌ. സത്യത്തിൽനിന്നും ധർമത്തിൽനിന്നും നീതിയിൽനിന്നും തെറിച്ചുപോവുക എന്ന ആശയത്തെ ആസ്പദമാക്കി പാപി, തെമ്മാടി, അനഭിമതൻ, വിശ്വസിക്കാൻ കൊള്ളാത്തവൻ തുടങ്ങി സാധാരണ ഗതിയിൽ അനഭിമതനായ വ്യക്തിയാണ് ഇവിടെ ഉദ്ദേശ്യം. ഗുരുതരമായ അനന്തര ഫലങ്ങളുണ്ടാക്കുന്ന വാർത്തയാണ് نبأ. ലോകാവസാനത്തെയും ഉയിർത്തെഴുന്നേൽപിനെയും കുറിച്ചുള്ള പ്രവചനത്തെ 78:2-ൽ النَّبَإِ الْعَظِيمِ -ഭയങ്കരമായ വാർത്ത- എന്നു പറയുന്നുണ്ട്. അജ്ഞതക്കും അവിവേകത്തിനും جهالة എന്നു പറയും. ഈ സന്ദർഭത്തിൽ രണ്ടും ഉദ്ദേശ്യമാകുന്നു.

ഒന്നാം സൂക്തത്തിൽ പ്രവാചകനെ -നേതൃത്വത്തെ മറികടന്ന് സംസാരിക്കുകയോ തീരുമാനങ്ങളെടുക്കുകയോ ചെയ്യുന്നത് വിലക്കിയിട്ടുണ്ടല്ലോ. അതുമായി ബന്ധപ്പെട്ട മറ്റൊരു സുപ്രധാന വിധിയാണിത്. സത്യവിശ്വാസികളായവരേ എന്നു സംബോധന ചെയ്തുകൊണ്ട് അവതരിപ്പിക്കുന്നു എന്നത് അതു വളരെ പ്രധാനമാണെന്നും അതനുസരിക്കുക ഈമാനിന്റെ താൽപര്യമാണെന്നും സൂചിപ്പിക്കുന്നു. സത്യവിശ്വാസികൾ അനഭിമതർ നൽകുന്ന വാർത്തകൾ അപ്പടി വിശ്വസിക്കുകയോ പ്രതികരിക്കുകയോ ചെയ്തുകൂടാ. നമ്മുടെ നാടൻ ഭാഷയിൽ പറഞ്ഞാൽ കാള പെറ്റെന്നു കേൾക്കുമ്പോഴേക്കും കയറെടുക്കരുത്. എന്നാൽ, വാർത്ത ഗൗരവമുള്ളതാണെങ്കിൽ തീരെ അവഗണിച്ചു തള്ളുകയുമരുത്. അതെക്കുറിച്ച് അന്വേഷണം നടത്തി നിജസ്ഥിതി മനസ്സിലാക്കണം. എന്നിട്ട് ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തണം. ഇക്കാര്യം 3:173-ൽ ഉപദേശിച്ചിരിക്കുന്നു. ഊഹാപോഹങ്ങൾ മെനയുന്നതും പ്രചരിപ്പിക്കുന്നതും വരുന്ന 12-ാം സൂക്തം കർശനമായി നിരോധിക്കുന്നുണ്ട്. വാർത്തകളുടെ നിജസ്ഥിതി അന്വേഷിക്കാതെ ഊഹാപോഹങ്ങളെ അടിസ്ഥാനമാക്കി നടപടികൾക്കു മുതിരുന്നത് വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും വമ്പിച്ച ദുരന്തങ്ങൾക്കിടയാക്കുകയും പിന്നെ അതിൽ ഖേദിക്കേണ്ടി വരികയും ചെയ്യും. ഒരുവശത്ത് അത് സമൂഹത്തിന്റെ ആഭ്യന്തരമായ കെട്ടുറപ്പിനെ ശിഥിലമാക്കുകയും മറുവശത്ത് മറ്റു സമൂഹങ്ങളുമായുള്ള സൗഹാർദപരമായ ബന്ധം തകർക്കുകയും ചെയ്യും.

ഫാസിഖ് നൽകുന്ന, വ്യക്തിയിലും സമൂഹത്തിലും വലിയ സ്വാധീനം സൃഷ്ടിക്കുന്ന ഗുരുതരമായ വാർത്തയെക്കുറിച്ചാണിവിടെ പറയുന്നത്. ഫാസിഖ് പറയുന്ന സാധാരണ വർത്തമാനങ്ങൾ വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. അതിന്റെ നിജസ്ഥിതി അന്വേഷിച്ചു പോകാൻ കൽപിക്കുന്നുമില്ല. ഫാസിഖുകൾ അല്ലാത്ത പണ്ഡിതന്മാരും നേതാക്കളും നൽകുന്ന ഉപദേശ നിർദേശങ്ങൾ സ്വീകരിക്കേണ്ടതും അനുസരിക്കേണ്ടതുമാണ്.

എന്താണ് ഫിസ്ഖ്, ആരാണ് ഫാസിഖ്, ഫാസിഖിന്റെ നിവേദനം സ്വീകാര്യമാണോ, വ്യവഹാരങ്ങളിൽ സാക്ഷിയാവാൻ ഫാസിഖ് യോഗ്യനാണോ തുടങ്ങി ഇതു സംബന്ധിച്ച അനേകം പ്രശ്നങ്ങൾ ഫുഖഹാക്കൾ ചർച്ച ചെയ്തിട്ടുണ്ട്. ഒരു വിഭാഗം പറഞ്ഞു: ശിർക്ക്, നാസ്തികത്വം, വിഗ്രഹാരാധന, ബിദ്അത്ത് (ദീനിൽ ഇല്ലാത്തതും ദീനീ തത്ത്വങ്ങൾക്കും നിയമങ്ങൾക്കും നിരക്കാത്തതുമായ കാര്യങ്ങൾ കൂട്ടിച്ചേർക്കുകയും ഉള്ള കാര്യങ്ങൾ നിരസിക്കുകയും ചെയ്യുക) തുടങ്ങിയവ കൊടിയ ഫിസ്ഖ് ആകുന്നു. അവരുടെ നിവേദനങ്ങൾ സ്വീകാര്യമല്ല. വ്യവഹാരങ്ങളിൽ സാക്ഷി പറയാൻ അവർ യോഗ്യരുമല്ല.

രണ്ടാമത്തെ വീക്ഷണം ഇതാണ്: വിശ്വാസത്തിലും ആദർശത്തിലുമുള്ള വൈജാത്യം വ്യക്തികളുടെ ധാർമികതയെയും സത്യസന്ധതയെയും ഹനിക്കുന്നില്ല. അവർ കൈക്കൊണ്ട തെറ്റായ വിശ്വാസങ്ങളെയും ആദർശങ്ങളെയും പിന്തുണക്കുന്ന നിവേദനങ്ങളെയും സാക്ഷ്യങ്ങളെയും മാത്രം തള്ളിക്കളയണം. ഉദാഹരണമായി, അവർ നിവേദനം ചെയ്യുന്ന ഹദീസുകളും ഖുർആൻ വ്യാഖ്യാനങ്ങളും പ്രാമാണികമല്ല. എന്നാൽ, മറ്റു സാമൂഹിക സാംസ്കാരിക സാമ്പത്തിക വ്യവ

ഹാരങ്ങളിലും ചരിത്രത്തിലും ശാസ്ത്രത്തിലുമൊക്കെയുള്ള വർത്തമാനങ്ങളും സാക്ഷ്യങ്ങളും അതിന്റെ വക്താക്കൾ അവിശ്വാസികളായതുകൊണ്ടു മാത്രം തള്ളിക്കളഞ്ഞുകൂടാ. അവിശ്വാസികൾ നൽകുന്ന വിവരങ്ങളും സാക്ഷ്യങ്ങളും തള്ളിക്കളയണമെന്ന് ഖുർആനും സുന്നത്തും അനുശാസിക്കുന്നുമില്ല. ഫാസിഖുകൾ -വിശ്വസിക്കാൻ കൊള്ളാത്തവരാണ് അയോഗ്യർ. അതും അവർ പറയുന്ന ഗൗരവമുള്ള വാർത്തകൾ നിജസ്ഥിതി അന്വേഷിക്കാതെ സ്വീകരിക്കരുതെന്നേ കൽപിച്ചിട്ടുള്ളൂ. ചരിത്രം, ഭൗതിക ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലൊക്കെ വിശ്വാസി-അവിശ്വാസി എന്ന വ്യത്യാസമില്ലാതെ എല്ലാവരും അതതു വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരെ അംഗീകരിക്കുന്നുമുണ്ട്. അതുതന്നെയാണ് ശരിയായ നിലപാട്.

ഈ സൂക്തത്തെ ആധാരമാക്കിക്കൊണ്ട് ഹദീസ് നിദാനശാസ്ത്രത്തിൽ നീതീകരണവും വിമർശനവും (التَّعْدِيل والتجريح) എന്ന ഒരു പഠന ശാഖ ആവിഷ്കൃതമായിട്ടുണ്ട്. ഓരോ ഹദീസ് നിവേദകന്റെയും ജീവിതക്രമം, വിദ്യാഭ്യാസം, സത്യസന്ധത, വീക്ഷണ വിശേഷങ്ങൾ, ഓർമശേഷി വരെയുള്ള കാര്യങ്ങൾ സൂക്ഷ്മമായി പഠിച്ച് അവർ നിവേദനം ചെയ്യുന്ന ഹദീസിന്റെ സാധുത വിലയിരുത്തുന്ന ശാസ്ത്രമാണത്. ഇതനുസരിച്ച്, ഒരാൾ ശീഈയാണെങ്കിൽ അന്യഥാ യോഗ്യനാണെങ്കിലും അയാൾ നിവേദനം ചെയ്യുന്ന, ശീഈ വിശ്വാസങ്ങളെയും ആചാരങ്ങളെയും പിന്തുണക്കുന്ന ഹദീസ് സ്വീകാര്യമല്ല.

നിവേദകൻ സ്വീകാര്യനും പ്രബലനുമാണെങ്കിൽ, ഒരാൾ ഒറ്റക്ക് നിവേദനം ചെയ്യുന്ന ഹദീസുകളും ശർഇൽ പ്രമാണമാകുന്നു. ഫാസിഖ് നൽകുന്ന വാർത്തയാണല്ലോ അന്വേഷണവിധേയമാക്കേണ്ടത്. നീതിമാന്റെ നിവേദനം സ്വീകാര്യമാണെന്ന് അതിൽനിന്ന് അനുക്തസിദ്ധമാകുന്നു. എന്നാൽ, വിശ്വാസകാര്യങ്ങളിൽ ഏക നിവേദക ഹദീസുകൾ (خبر الواحد) പ്രമാണമാകുന്നില്ല എന്നും സിദ്ധാന്തമുണ്ട്. വിശ്വാസകാര്യങ്ങൾ സ്ഥിരപ്പെടാൻ അത് ഒന്നിലധികം ആളുകൾ നിവേദനം ചെയ്യേണ്ടതാണ്. ഒറ്റയാളുടെ നിവേദനം അനുമാനത്തെ(ظَنّ)യാണ് പ്രദാനം ചെയ്യുക; ദൃഢബോധ്യത്തെ- വിശ്വാസത്തെ പ്രദാനം ചെയ്യില്ല. വിശ്വാസയോഗ്യമാകാൻ ഒന്നിലധികം ആളുകൾ നിവേദനം ചെയ്യേണ്ടതുണ്ടെന്ന വാദത്തിന് ചില ദൗർബല്യങ്ങളുണ്ട്. പ്രവാചകന്മാരെല്ലാം ആഗതരായിട്ടുള്ളത് മുഖ്യമായി വിശ്വാസകാര്യങ്ങൾ പ്രബോധനം ചെയ്യാനാണല്ലോ. അവരിൽ ബഹുഭൂരിപക്ഷവും ഒറ്റയാന്മാരായിട്ടാണ് വന്നിട്ടുള്ളത്. ഒന്നിലധികം ആളുകൾ റിപ്പോർട്ടു ചെയ്തതുകൊണ്ടു മാത്രം ഒരു വാർത്ത സത്യമാവുക അനിവാര്യവുമല്ല. അനേകം പത്രങ്ങളും ചാനലുകളും ഒരുമിച്ചു റിപ്പോർട്ടു ചെയ്യുന്ന പല വാർത്തകളും അസത്യമായിരുന്നുവെന്ന് പിന്നീട് തെളിയുന്നുണ്ടല്ലോ. വക്താവിന്റെ സത്യസന്ധത, സ്വഭാവശുദ്ധി, ജ്ഞാനം, പറയുന്ന കാര്യങ്ങളുടെ യുക്തിയുക്തത, സമർപ്പിക്കപ്പെടുന്ന തെളിവുകൾ, ദൃഷ്ടാന്തങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് വിശ്വാസവും ബോധ്യവുമുണ്ടാക്കുന്ന ഘടകങ്ങൾ.

ഈ സൂക്തം വലീദുബ്നു ഉഖ്ബതുബ്നു അബീ മുഐത്വിനെക്കുറിച്ചവതരിച്ചതാണെന്നത്രെ മിക്ക ഖുർആൻ വ്യാഖ്യാതാക്കളും പറയുന്നത്. പ്രവാചകൻ അദ്ദേഹത്തെ മുസ്ത്വലിഖ് ഗോത്രത്തിൽനിന്ന് സകാത്ത് ശേഖരിക്കാൻ അയച്ചു. വലീദിനും മുസ്ത്വലിഖ് ഗോത്രത്തിനുമിടയിൽ ജാഹിലിയ്യാ കാലത്ത് കുടിപ്പകയുണ്ടായിരുന്നു. അദ്ദേഹം മുസ്ത്വലിഖിന്റെ ദേശത്തിനുടത്തെത്തിയപ്പോൾ ആരോ വന്നറിയിച്ചു: മുസ്ത്വലിഖുകൾ നിങ്ങളുടെ അടുത്തേക്ക് വരാൻ സംഘടിച്ചിരിക്കുന്നു. ഇതുകേട്ട്, അവർ തന്നോട് പഴയ കുടിപ്പക തീർക്കാൻ വരികയാണെന്ന് ഭയന്ന് വലീദ് അവരുമായി കണ്ടുമുട്ടുന്നതൊഴിവാക്കി തിരിച്ചുപോന്നു. മദീനയിലെത്തി പ്രവാചകനോട് പറഞ്ഞു: "മുസ്ത്വലിഖു ഗോത്രം സകാത്ത് നിഷേധിച്ചിരിക്കുന്നു. മാത്രമല്ല, സകാത്ത് പിരിക്കാൻ ചെന്ന എന്നെ വധിക്കാൻ ഒരുമ്പെടുകയും ചെയ്തു." മുസ്ത്വലിഖ് ഗോത്രം നേരത്തെ മദീനയെ ആക്രമിക്കാൻ കോപ്പുകൂട്ടിയവരാണ്. ആ വിവരമറിഞ്ഞ മുസ്ലിംകൾ സൈനിക നടപടിയിലൂടെ അവരെ ഒതുക്കുകയായിരുന്നു. പിന്നീട് അവർ ഇസ് ലാം സ്വീകരിച്ചു. അവരിൽ പ്രമുഖനായിരുന്ന ഇബ്നു അബീ ദിറാറിന്റെ മകൾ ജുവൈരിയയെ വിവാഹം ചെയ്തുകൊണ്ട് പ്രവാചകൻ അവരുമായി ഊഷ്മളമായ ബന്ധം സ്ഥാപിക്കുകയും ചെയ്തു. ഈ മുസ്ത്വലിഖുകൾ സകാത്ത് നിഷേധിക്കുകയും പ്രവാചകന്റെ ദൂതനെ വധിക്കാൻ തുനിയുകയും ചെയ്തുവെന്ന് കേട്ട് തിരുമേനിക്ക് വലിയ ദുഃഖവും അതിലേറെ ക്ഷോഭവുമുണ്ടായി. ബനുൽ മുസ്ത്വലിഖിനെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് പ്രവാചകൻ സഗൗരവം ചിന്തിക്കുകയും ചെയ്തു.

പ്രവാചകൻ മാത്രമല്ല, മദീനയിലെ മുസ് ലിംകളെല്ലാം ഈ സംഭവത്തിൽ രോഷാകുലരായി.

**ചരിത്രം, ഭൗതിക ശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലൊക്കെ വിശ്വാസി-അവിശ്വാസി എന്ന വ്യത്യാസമില്ലാതെ എല്ലാവരും അതതു വിഷയങ്ങളിൽ പാണ്ഡിത്യമുള്ളവരെ അംഗീകരിക്കുന്നുമുണ്ട്. അതുതന്നെയാണ് ശരിയായ നിലപാട്.**

ഉടനെ ഈ ധിക്കാരികളെ പാഠം പഠിപ്പിച്ചേ തീരൂ എന്ന് അവർ തീരുമാനിച്ചു. വലിയൊരു സൈന്യം സജ്ജീകരിച്ച് ഖാലിദുബ്നുൽ വലീദിന്റെ നേതൃത്വത്തിൽ മുസ്ത്വലിഖ് ഗോത്രത്തിനെതിരെ പടയോട്ടം നടത്തുകയായിരുന്നു അവരുടെ പദ്ധതി. പക്ഷേ, പടപുറപ്പെടുന്നതിനു മുമ്പെ ഒരു സംഘം മുസ്ത്വലിഖുകൾ മദീനയിലെത്തി. അവർ പ്രവാചകനോട് പറഞ്ഞു: തിരുദൂതരേ, വലീദുബ്നു ഉഖ്ബ ഞങ്ങളുടെ ദേശത്ത് പ്രവേശിക്കുകയോ സകാത്ത് ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ഞങ്ങളതു നിഷേധിച്ചിട്ടുമില്ല. പ്രവാചകന്റെ ദൂതൻ വരുന്നതറിഞ്ഞ് അദ്ദേഹത്തെ എതിരേൽക്കാൻ സംഘടിച്ചതായിരുന്നു ഞങ്ങൾ. പക്ഷേ, അദ്ദേഹം ഞങ്ങളുമായി സന്ധിക്കാതെ തിരികെ പോയ്ക്കളഞ്ഞു. ഇതോടെ, വളരെ രക്തരൂഷിതവും അപമാനകരവുമായിത്തീരുമായിരുന്ന ഒരു മഹാസംഘട്ടനം ഒഴിഞ്ഞുപോയി. ഈ സന്ദർഭത്തിൽ പ്രകൃത സൂക്തം അവതരിച്ചു.

പല കാരണങ്ങളാൽ ഈ നിവേദനം മുഖവിലക്കെടുക്കാൻ ബുദ്ധിമുട്ടുണ്ട്. 1) വലീദുബ്നു ഉഖ്ബ പ്രമുഖനായ സ്വഹാബിയായിരുന്നു. ഈ സംഭവത്തിനു മുമ്പോ പിമ്പോ അദ്ദേഹത്തിൽ അനവധാനമോ ഭീരുത്വപരമോ ചിന്താശൂന്യമോ ആയ നടപടികൾ ആരോപിക്കപ്പെട്ടിട്ടില്ല. ഈ സംഭവത്തിനുശേഷം പ്രവാചകനോ വലീദിന്റെ ഭീരുത്വത്താൽ തെറ്റിദ്ധരിക്കപ്പെട്ട മുസ്ത്വലിഖുകളോ തെറ്റുധരിച്ച മുസ് ലിംകളോ ഒന്നും അദ്ദേഹത്തെ ആക്ഷേപിക്കുകയോ അനഭിമതനായി പ്രഖ്യാപിക്കുകയോ ചെയ്തതായും കാണുന്നില്ല. നിവേദനം ശരിയാണെങ്കിൽ ഖുർആൻ ഖണ്ഡിതമായി 'ഫാസിഖ്' എന്നു വിധിച്ചിരിക്കുന്നത് വലീദുബ്നു ഉഖ്ബയെയാണ്. ഖുർആൻ ഫാസിഖ് എന്നു വിധിച്ച ഒരാളോട് പ്രവാചകന്റെയും സ്വഹാബത്തിന്റെയും നിലപാട് മേൽപറഞ്ഞതു തന്നെയായിരിക്കുക സാധ്യമാണോ? ബനുൽ മുസ്ത്വലിഖ് സകാത്ത് നിഷേധിച്ചു എന്ന് അദ്ദേഹം പറഞ്ഞത് പച്ചക്കള്ളമായിരുന്നുവെന്ന് പകൽവെളിച്ചം പോലെ തെളിഞ്ഞിട്ടും ഇതേ വലീദുബ്നു ഉഖ്ബയെ ഖുലഫാഉർറാശിദുകളിൽ പെട്ട ഉസ്മാൻ (റ) തന്റെ ഭരണകാലത്ത് കൂഫയിൽ ഗവർണറായി നിയമിച്ചു എന്നതും അനിഷേധ്യമായ ചരിത്രമാണ്. ഖുർആൻ ഫാസിഖ് എന്ന് ചാപ്പ കുത്തിയ ഒരാളെയാണ് ഉസ്മാൻ (റ) സുപ്രധാനമായ ഒരു പ്രവിശ്യയുടെ ഗവർണറായി നിയമിച്ചതെന്ന് വിശ്വസിക്കാൻ കഴിയുമോ?

**മുസ്ത്വലിഖുകൾ സകാത്ത് നിഷേധിക്കുകയും പ്രവാചകന്റെ ദൂതനെ വധിക്കാൻ തുനിയുകയും ചെയ്തുവെന്ന് കേട്ട് തിരുമേനിക്ക് വലിയ ദുഃഖവും അതിലേറെ ക്ഷോഭവുമുണ്ടായി. ബനുൽ മുസ്ത്വലിഖിനെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് പ്രവാചകൻ സഗൗരവം ചിന്തിക്കുകയും ചെയ്തു.**

2) തന്റെ ശിഷ്യന്മാരുടെ ബലങ്ങളും ബലഹീനതകളും നന്നായി വിലയിരുത്താൻ പ്രാപ്തനായിരുന്നു മുഹമ്മദ് നബി (സ) എന്ന കാര്യത്തിൽ തർക്കമില്ലല്ലോ. ഓരോ വ്യക്തിയെയും അദ്ദേഹം ഓരോ ചുമതലകളേൽപിച്ചിരുന്നത് അവരുടെ ഗുണദോഷങ്ങൾ അറിഞ്ഞുകൊണ്ടായിരുന്നു. ആ പ്രവാചകൻ, കൊല്ലാൻ വരുന്നവരെയും സ്വീകരിക്കാൻ വരുന്നവരെയും തിരിച്ചറിയാൻ കഴിയാത്ത, സത്യസന്ധതയില്ലാത്ത പേടിത്തൊണ്ടനായ ഒരു പാവത്താനെ സകാത്ത് ശേഖരണം പോലുള്ള ഭാരിച്ച ഉത്തരവാദിത്വത്തിന് നിയമിക്കുക എന്നത് അചിന്ത്യമാകുന്നു.

ഇക്കാരണങ്ങളാൽ ബനുൽ മുസ്ത്വലിഖിൽനിന്ന് സകാത്ത് ശേഖരിക്കാൻ നിയുക്തനായ വലീദുബ്നു ഉഖ്ബയുടെ തെറ്റായ നടപടിയാണ് പ്രകൃത സൂക്തത്തിന്റെ അവതരണ കാരണമെന്ന നിവേദനങ്ങൾ മൗലാനാ അമീൻ അഹ്സൻ ഇസ് ലാഹിയെപ്പോലുള്ള ഖുർആൻ വ്യാഖ്യാതാക്കൾ തള്ളിക്കളഞ്ഞിരിക്കുന്നു. ഉസ്മാനെ(റ)യും വലീദുബ്നു ഉഖ്ബയെയും അപകീർത്തിപ്പെടുത്താൻ റാഫിദികൾ മെനഞ്ഞെടുത്ത കഥയായിട്ടാണ് അമീൻ അഹ്സൻ ഇസ് ലാഹി അതിനെ കാണുന്നത്.

സൂക്തത്തിന്റെ അവതരണ കാരണമായി പറയാവുന്ന രണ്ടാമത്തെ സംഭവം ഇതാണ്: പ്രവാചക പുത്രൻ ഇബ്റാഹീമിന്റെ മാതാവ് മാരിയതുൽ ഖിബ്ത്വിയ്യഃക്ക് ഒരു അവിഹിത ബന്ധമുള്ളതായി ആരോ പ്രവാചകനോട് പറഞ്ഞു. കോപിഷ്ഠനായ പ്രവാചകൻ ഉടനെ അലിയെ വിളിച്ച് ആ ജാരനെ പിടികൂടി ശിക്ഷിക്കാൻ ആവശ്യപ്പെട്ടു. അലി മാരിയത്തിന്റെ ഭവനത്തിൽ ചെന്നപ്പോൾ അവിടെ ഒരു പുരുഷനുണ്ടായിരുന്നു. അവരുടെ പിതൃവ്യ പുത്രനായിരുന്നുവത്രെ അത്. അലി ഊരിയ വാളുമായി അടുത്തപ്പോൾ അയാൾ ഓടി ഒരു ഈത്തപ്പനയിൽ അലിയുടെ വാളിന് എത്താനാവാത്തത്ര ഉയരത്തിലേക്കു കയറി. പിന്നെ താഴെയിറങ്ങി അലിക്കു നേരെ തുണിയുരിഞ്ഞു കാണിച്ചു. അയാൾക്ക് ലിംഗം ഇല്ലായിരുന്നു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ അലി അയാളെ കൊന്നുകളയുമായിരുന്നു. ഈ സംഭവത്തെപ്പറ്റി **الأناة من الله والعجلة من الشيطان** (സാവകാശം ദൈവികവും വ്യഗ്രത പൈശാചികവുമാകുന്നു) എന്നു നബി (സ) പ്രസ്താവിച്ചതായും ഉദ്ധരിക്കപ്പെടുന്നു. ഈ നിവേദനം ശരിയാണെങ്കിൽ ഇത് പ്രകൃത സൂക്തത്തിന്റെ അവതരണ കാരണങ്ങളിൽ ഒന്നായിരിക്കുക സംഗതമാകുന്നു. ●